# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3159 | 22.06.2012-ൽ മറുപടിക്ക് |
|---|---|

**മംഗല്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | 'മംഗല്യ' പദ്ധതി ആരംഭിച്ചത് എപ്പോഴാണ് എന്നറിയിക്കുമോ; | (എ) | 2008-2009 സാമ്പത്തിക വർഷമാണ് മംഗല്യ പദ്ധതി ആരംഭിച്ചത്. |
| (ബി) | ഇതുവരെയായി ആകെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്ര പേർക്ക് ആനുകൂല്യം നൽകി എന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ 14 ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ് വഴി 703 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിലായി ആകെ 407 പേർക്കാണ് ടി പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുള്ളത്. ഇതിനെ തുടർന്ന് മുന്നൂറിലധികം അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| (സി) | മംഗല്യ പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തനം ഏതു രീതിയിലാണെന്ന് വിശദമാക്കാമോ? | (സി) | 2009-10 സാമ്പത്തിക വർഷത്തിനു ശേഷം മംഗല്യ പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിനാവശ്യമായ ഭരണാനുമതി ലഭിക്കുകയുണ്ടായില്ല. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നടപടി ആരംഭിക്കുന്നതാണ്. |

Jayan

സെക്ഷൻ ഓഫീസർ